(11) വിമൻസ് ഇലക്ട്രോണിക്സ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കണമെന്ന ആവശ്യം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, 1990 മാർച്ചിൽ ചിറയിൻകീഴ് ആസ്ഥാനമാക്കി ഖാദിബോർഡിന്റെ സഹായത്തോടുകൂടി വിമൻസ് ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നൊരു സ്ഥാപനം തുടങ്ങുകയുണ്ടായി. 25 അഭ്യസ്തവിദ്യരായ യുവതികളണ് അതിൽ അംഗങ്ങളായി ചേർന്നത്. 1990-നുശേഷം അവർക്ക് ഖാദിബോർഡിൽ നിന്നും ഏഴരലക്ഷം രൂപ വർക്കിംഗ് ക്യാപിറ്റൽ നൽകിയിരുന്നു. ഈ സംഘങ്ങൾക്ക് ഒരു അപ്പക്സ് ബോഡിയുണ്ട്. ആ അപ്പക്സ് ബോഡി ഫണ്ട് കൈവശമാക്കിയിട്ട് അവരാണ് ഇവർക്കാവശ്യമായ റാമെറ്റീരിയൽസ് കൊടുക്കുകയും ഉൽപ്പന്നങ്ങൾ വിപണനം നടത്തുകയും ചെയ്തു കൊണ്ടിരുന്നത്. അവരെ സംബന്ധിച്ചിടത്തോളം ആ ചുമതല കൃത്യമായി നിർവ്വഹിക്കാത്തതിന്റെ ഫലമായി ഇപ്പോൾ 16 പേരാണ് അതിൽ അവശേഷിക്കുന്നത്. അവർക്ക് ഒരു മാസം 100 രൂപാ പോലും പ്രതിഫലം കിട്ടുന്ന ജോലി ഇവർ നൽകുന്നില്ല. അതിന്റെ ചുമതലക്കാരനായ എം. ഡി. 1998-ൽ വ്യവസായ വകുപ്പു തന്നെ സ്വന്തമായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉത്ഘാടനവേളയിൽ ജീവനക്കാർക്ക് അടിയന്തിരമായി ജോലി കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞു. വർഷം രണ്ടു കഴിഞ്ഞിട്ടും ആവശ്യമായ യാതൊരു നടപടിയും സ്വീകരിക്കാതെ ആ പെൺകുട്ടികൾ അനാഥരാകുന്ന സ്ഥിതിയാണുള്ളത്. അവർക്ക് തൊഴിൽ കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ): സർ, 'റൂട്രോണിക്സ്' എന്ന സ്ഥാപനം തുടങ്ങിയത് കെൽട്രോണിന്റെ കൺസ്യൂമർ ഇലക്ട്രോണിക്സ് രംഗത്ത് എല്ലാ ഉൽപ്പന്നങ്ങളും ഈ ഫെഡറേഷന്റെ കീഴിൽ ഉള്ള സൊസൈറ്റികൾ മുഖാന്തിരം വിപണനം നടത്തുമെന്ന ഉറപ്പിൻമേലായിരുന്നു. ഈ വിവരം ഇതിന്റെ ബൈലായിൽ വ്യക്തമാക്കിയിട്ടുണ്ട്. 1990-94-വരെ കെൽട്രോൺ ഇപ്രകാരം ചെയ്തുവെങ്കിലും കെൽട്രോണിൽ നിന്ന് വളരെ കുറച്ചു ജോലികൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. കെൽട്രോണിന്റെ ഇപ്പോഴത്തെ പുനരുദ്ധാരണ നടപടികൾ പൂർത്തിയായാൽ മാത്രമേ കെൽട്രോൺ വഴി ഉള്ള ഓർഡറുകൾ അവർക്ക് ലഭിക്കാൻ സാധ്യമാകൂ. ഇപ്പോൾ പ്രൈവറ്റ് കമ്പനിയായ പമ്പ ഇലക്ട്രോണിക്സിന്റെ കുറച്ചു ഓർഡറുകൾ മാത്രമേ ഫെഡറേഷന്റെ പക്കലുള്ളൂ. കെൽട്രോൺ 50 കമ്പ്യൂട്ടറുകൾക്ക് ഓർഡർ നൽകിയെങ്കിലും അത് ചില സാങ്കേതിക കാരണങ്ങളാൽ നിർമ്മാണം പൂർത്തിയായിട്ടില്ല. ഈ മാസം അവസാനത്തോടുകൂടി അനർട്ടിൽനിന്നും ഏതാണ്ട് രണ്ടുകോടി രൂപയുടെ ഓർഡർ പ്രതീക്ഷിക്കുന്നു. അതിനുവേണ്ടി കമ്മീഷൻ നൽകിയിട്ടുണ്ട്. കൂടാതെ ബജാജ് ഇലക്ട്രോണിക്സിന്റെ ഒരു സബ്കോൺട്രാക്ടർവർക്കും കിട്ടാനുള്ള സാധ്യതയുണ്ട്. കെൽട്രോണിന്റെ കുറെ ഓർഡറുകൾകൂടി ലഭിച്ചുകഴിഞ്ഞാൽ തീർച്ചയായും സൊസൈറ്റികൾക്ക് ജോലി നൽകാൻ കഴിയും. ചിറയിൻകീഴ് സൊസൈറ്റിക്ക് ഓർഡറുകൾ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly